# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1624** | **14.12.2012- ൽ മറുപടിക്ക്**

## കൃഷി വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പിൽ എത്ര കൃഷി ഓഫീസർമാരുടേയും അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെയും ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കോഴിക്കോട് ജില്ലയിൽ കൃഷി ഓഫീസർമാരുടെ 8 ഒഴിവുകളും, കൃഷി അസിസ്റ്റന്റുമാരുടെ 74 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) നാദാപുരം നിയോജക മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെയും അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) നാദാപുരം നിയോജക മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ 4 ഒഴിവുകളും, കൃഷി അസിസ്റ്റന്റിന്റെ 17 ഒഴിവുകളും നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിച്ചാലുടൻ തന്നെ ഒഴിവുകൾ നികത്തുന്നതാണ്. |
| (സി) ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതിയുടെ നടപടിക്രമങ്ങൾ എതുവരെ ആയെന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷേമനിധി അംഗങ്ങളായ, 60 വയസ്സ് പൂർത്തിയായ, ക്ഷേമനിധി നിയമ പ്രകാരം പെൻഷന് അർഹത നേടിയിട്ടുള്ള എല്ലാ ക്ഷീര കർഷകർക്കും പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. ക്ഷീരകർഷക ക്ഷേമനിധി പെൻഷന്റെ പ്രയോജനം കൂടുതൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന വിധത്തിൽ ക്ഷേമനിധി നിയമം ഭേദഗതി ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ